പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 151 — 17-12-2012 -ൽ മറുപടിക്ക്.

## എക്സൈസ് വകുപ്പിനെ സാമൂഹ്യപ്രതിബദ്ധതയുള്ള വകുപ്പ് ആക്കി മാറ്റുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" ലൂഡി ലൂയിസ്<br>" പാലോട് രവി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

(എ) എക്സൈസ് വകുപ്പിനെ സാമൂഹ്യ പ്രതിബദ്ധതയുള്ള വകുപ്പ് ആക്കി മാറ്റുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(എ) എക്സൈസ് വകുപ്പിനെ, സാമൂഹ്യ പ്രതിബദ്ധതയുള്ള വകുപ്പാക്കി മാറ്റുവാൻ, നയരൂപീകരണം, വകുപ്പിന്റെ സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ, സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ എന്നീ ഘടകങ്ങൾ വഴി സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1) 17-08-2011ലെ ജി.ഒ.(എം.എസ്.) നം.107/2011/നി.വ. പ്രകാരം പ്രഖ്യാപിച്ച 2011-12ലെ മദ്യനയത്തിൽ ഈ ലക്ഷ്യം മുൻനിർത്തി ചുവടെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി.

**a)** മദ്യവ്യവസായത്തെ ഒരു വരുമാന സ്രോതസ്സായി കാണാതെ, മദ്യത്തിന്റെ ലഭ്യത ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടു ബോധവൽക്കരണ പ്രവർത്തനങ്ങളിലൂന്നി മദ്യ വർജ്ജനം പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. മദ്യത്തിന്റെ വിപണനം, മദ്യപാനശീലത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരണത്തിലൂടെ വിമുക്തരാക്കുന്നതോടൊപ്പം ഘട്ടം ഘട്ടമായുള്ള മദ്യവർജ്ജനമാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

**b)** ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനാണ് പ്രധാനമായും ബാറുകൾ അനുവദിക്കുക. 08-12-2011ലെ ജി.ഒ. (എം.എസ്.) നം.187/2011/നി.വ. പ്രകാരം 3 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും, ഇതിനായി എഫ്.എൽ. റൂൾസിൽ ഭേദഗതി കൊണ്ടുവരികയും ചെയ്യു. 01-04-2012 മുതൽ 4 സ്റ്റാറും അതിനു മുകളിലും പദവിയുള്ള ഹോട്ടലുകൾക്കുമാത്രമായി എഫ്.എൽ.3 ലൈസൻസുകൾ പരിമിതപ്പെടുത്തുകയും 4, 5 സ്റ്റാർ പദവിയുള്ള ബാർ ഹോട്ടലുകളുടെ ലൈസൻസുകൾക്കുള്ള ദൂരപരിധി 200 മീറ്ററായി വർദ്ധിപ്പിച്ച് ഉത്തരവിറക്കി. 2013-14 സാമ്പത്തിക

വർഷം മുതൽ മിനിമം 25 മുറികളും 5 സ്റ്റാർ ക്ലാസ്സിഫി ക്കേഷനുമുള്ള ഹോട്ടലുകൾക്ക് മാത്രമായി ബാർ ലൈസൻസ് പരിമിതപ്പെടുത്തി. ദുഃഖവെള്ളിയാഴ്ച ഡ്രൈഡേയായി പ്രഖ്യാപിച്ചു. മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18ൽ നിന്നും 21 ആയി ഉയർത്തി. പ്രായപൂർത്തിയായ ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറച്ചു. ബാർ ഹോട്ടലുകളുടെ പ്രവൃത്തി സമയം 3 മണിക്കൂർ വെട്ടി കുറച്ചു. 2012-13 ലെ അബ്കാരി നയമനുസരിച്ച് 30 മുറികളുള്ള 4 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമായി ബാർ ലൈസൻസ് പരിമിതപ്പെടുത്തുകയും ചെയ്തു.

2) എക്സൈസ് വകുപ്പിന്റെ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ചുവടെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിച്ച് പ്രവർത്തനം വിപുലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 131 റെയ്ഞ്ച്, 78 സർക്കിൾ ഓഫീസ് എന്നിവിടങ്ങളിൽ ഫോട്ടോകോപ്പിയർ മെഷീനുകൾ എന്നിവ അനുവദിച്ചു. ഇ-പേയ്മെന്റ് സംവിധാനം നടപ്പിൽ വരുത്തി. വാഹന പരിശോധന കർശനമാക്കുന്നതിനായി സിഗ്നൽ ലൈറ്റ്, ബാറ്റൺ എന്നിവ ഫീൽഡ് ഓഫീസുകൾക്കും, ചെക്ക് പോസ്റ്റുകൾക്കും നൽകി. എക്സൈസ് ജീവനക്കാർക്ക് എക്സൈസ് അക്കാദമി മുഖേന സമഗ്രമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ആവുകയും, എക്സൈസ് ജീവനക്കാർക്ക് പിസ്റ്റലുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പരിഷ്ക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ ത്വരിതപ്പെടുത്തുകയും, ഓഫീസുകളെ ഇന്റർനെറ്റ് വഴി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ക്രൈം റിക്കാർഡ്സ് ബ്യൂറോ സ്ഥാപിക്കുകയും, ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അബ്കാരി കേസുകളുടെ ഭാഗമായി എടുക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് തിരുവനന്തപുരം കേന്ദ്രമായി ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ഉടനെ തന്നെ ആരംഭിക്കുന്നതാണ്.

3) ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിന്, ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു.

ബൃഹത്തായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണംചെയ്തു നടപ്പിലാക്കുന്നതിനായി, 2011-12

സാമ്പത്തിക വർഷം ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള 1.20 കോടി രൂപ, 2 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനും, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എക്സൈസ് വകുപ്പിൽ പ്രത്യേക വിഭാഗം രൂപീകരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ-സർക്കാരിതര ഏജൻസികൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, എൻ.എസ്.എസ്., സ്റ്റുഡന്റ് പോലീസ് കേഡറ്റ് വിഭാഗം എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തനം സജീവമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി കഴിഞ്ഞു. 39 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായുള്ള കുടുംബശ്രീ സംവിധാനം വഴി മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ കുടുംബാംഗങ്ങളെ ബോധ്യപ്പെടുത്തി ഗൃഹാന്തരീക്ഷം തന്നെ മാറ്റിയെടുക്കാനുള്ള സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിലുള്ള NSS യൂണിറ്റുകളെ ഏകോപിപ്പിച്ചുകൊണ്ട്, യുവജനങ്ങൾക്കിടയിലെ മദ്യാസക്തിക്കെതിരെ നിരന്തര പ്രചാരണം നടത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. SPC പദ്ധതിയിൽ മദ്യാസക്തി സംബന്ധിച്ച് ബോധവൽക്കരണം നടത്തി ലഹരി വസ്തുക്കൾക്കെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതല ജനകീയ കമ്മിറ്റി മുഖേന പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും നല്ല ലഹരി വിരുദ്ധ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ലബ്ബിനും, സന്നദ്ധ പ്രവർത്തകനും പാരിതോഷികം ഏർപ്പെടുത്തി ബോധവൽക്കരണ പ്രവർത്തനം കൂടുതൽ വ്യാപകമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

K.S.B.C.- യുടെ കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി, കെ.എസ്.ബി.സി. മുഖേന ഒരു ശതമാനം മെഡിക്കൽ സെസ്സ് ഏർപ്പെടുത്തി. ഈ വരുമാനം, മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ജനറിക് മെഡിസിൻ നൽകുന്നതിന് ഉപയോഗിക്കുന്നു. കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി, കെ. എസ്. ബി.സി. 3.75 കോടി രൂപ വിവിധ പദ്ധതികൾക്ക് ചെലവഴിക്കാനായി മാറ്റിവച്ചിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന Non Governmental Organisation, മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സഹായിക്കുന്നതിന് പ്രോഗ്രാമിന് രൂപം നല്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സമൂഹത്തിന്റെ ആരോഗ്യം പരമപ്രധാനമാണെന്നിരിക്കെ ആരോഗ്യ സംരക്ഷണത്തിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | എക്സൈസ് വകുപ്പ് ഏറ്റെടുത്തിട്ടുള്ള ബൃഹത്തായ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ മദ്യ ഉപഭോഗം കൊണ്ടുണ്ടാകുന്ന ദോഷകരമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായുള്ള ശ്രമങ്ങൾക്ക് പ്രാമുഖ്യം നല്കിയിട്ടുണ്ട്. സ്കൂൾ കരിക്കുലത്തിൽ, ഇപ്രകാരം ഉണ്ടാകുന്ന ദോഷകരമായ ആരോഗ്യ പ്രശ്നങ്ങൾ വിഷയമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപടി എടുത്തു വരുന്നു. ജനറിക് മെഡിസിൻ സാധാരണക്കാർക്ക് സൗജന്യമായി നല്കുന്നതിനായി വിഭവ സമാഹരണത്തിനായി K.S.B.C. - മുഖേന 1% മെഡിക്കൽ സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുവാൻ ധനസഹായം നല്കിയതിനു പുറമേ, സർക്കാർ / സർക്കാരിതര സ്ഥാപനങ്ങൾക്ക്, ഡീ-അഡിക്ഷൻ സെന്ററുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നല്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികളോടനുബന്ധിച്ച് മദ്യവിരുദ്ധ ബോധവത്കരണ പ്രചാരണങ്ങൾക്കായുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) | എറണാകുളം ജില്ലയിലെ കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിച്ചു. സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനം എന്ന നിലയിൽ, കെ.എസ്.ബി.സി., സർക്കാർ ആശുപത്രികൾ, എൻ.ജി.ഒ.-കൾ തുടങ്ങിയവയ്ക്കായി 3.75 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾക്ക് സഹായം നല്കുന്നതിനുള്ള പ്രോഗ്രാമിന് രൂപം നല്കി വരുന്നു. |

സെക്ഷൻ ആഫീസർ